STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.74/PR/SPMC/PHQ/2024 Date:10.12.2024

# ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് ദേശീയ പുരസ്കാരം

രാജ്യത്തെ ഏറ്റവും മികച്ച മൂന്ന് സൈബർ വിഭാഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് ഡാറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ മത്സരത്തിൽ തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് പുരസ്കാരം.

സർക്കാർ ഉടമസ്ഥതയിൽ ഉള്ള സ്ഥാപനങ്ങളിലെ ഡിജിറ്റൽ ഫോറൻസിക് മികവ് കണ്ടെത്തുന്നതിനുള്ള വിഭാഗത്തിലാണ് ഗുജറാത്തിലെ നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റിയുമായി ഫോറൻസിക് സയൻസ് ലബോറട്ടറി രണ്ടാം സ്ഥാനം പങ്കിട്ടത്. ബാംഗ്ലൂർ ഫോറൻസിക് സയൻസ് ലബോറട്ടറിക്കാണ് ഒന്നാം സ്ഥാനം.

കഴിഞ്ഞ ദിവസം ഡൽഹിയിൽ നടന്ന ചടങ്ങിൽ ഫോറൻസിക് സയൻസ് ലബോറട്ടറി ഡയറക്ടർ ഡോ. പ്രദീപ് സജി .കെ, അസിസ്റ്റൻറ് ഡയറക്ടർമാരായ ദീപ എ എസ്, സുരേഷ് എസ് ആർ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി.

(ഫോട്ടോ: സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെ ഡിജിറ്റൽ ഫോറൻസിക് മികവ് കണ്ടെത്തുന്ന വിഭാഗത്തിലെ മത്സരത്തിൽ രണ്ടാം സ്ഥാനം പങ്കിട്ട ഫോറൻസിക് സയൻസ് ലബോറട്ടറിക്കുവേണ്ടി ഡയറക്ടർ ഡോ. പ്രദീപ് സജി കെ, അസിസ്റ്റന്റ് ഡയറക്ടർമാരായ ദീപ എ എസ്, സുരേഷ് എസ് ആർ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങുന്നു)

****************************


KERALA POLICE
KERALA POLICE